✎ ടി.കെ ഉബൈദ്



ഖുർആൻ ബോധനം

# 1116

# സൂറ – 38 / സ്വാദ്

**സൂക്തം: 18 – 23**

പ്രഭാതത്തിലും പ്രദോഷത്തിലും ദാവൂദ് (അ) മലഞ്ചെരിവിലിരുന്ന് ഭക്തിനിർഭരവും കർണ മധുരവും ഹൃദയാവർജകവുമായ സങ്കീർത്തനങ്ങളാലപിക്കുമായിരുന്നു. അപ്പോൾ മലക്കുകളും പറവക്കൂട്ടങ്ങളും ആ സങ്കീർത്തനത്തോട് താദാത്മ്യം പ്രാപിക്കുമായിരുന്നു. എല്ലാം അവയുടെ ഭാഷയിലും രീതിയിലും അല്ലാഹുവിനെ പ്രകീർത്തിച്ചുകൊണ്ടിരിക്കുമായിരുന്നു.

إِنَّا سَخَّرْنَا ٱلْجِبَالَ مَعَهُۥ يُسَبِّحْنَ بِٱلْعَشِيِّ وَٱلْإِشْرَاقِ ﴿١٨﴾

18. പ്രദോഷത്തിലും പ്രഭാതത്തിലും അദ്ദേഹത്തോടൊപ്പം സങ്കീർത്തനം ചെയ്യാൻ നാം പർവതങ്ങളെ വിധേയമാക്കിയിട്ടുണ്ടായിരുന്നു.

وَٱلطَّيْرَ مَحْشُورَةً ۖ كُلٌّ لَّهُۥٓ أَوَّابٌ ﴿١٩﴾

19. പറവക്കൂട്ടങ്ങളെയും ഒക്കെയും അവനിലേക്ക് ആവർത്തിച്ചു വന്നുകൊണ്ടിരുന്നു.

وَشَدَدْنَا مُلْكَهُۥ وَءَاتَيْنَٰهُ ٱلْحِكْمَةَ وَفَصْلَ ٱلْخِطَابِ ﴿٢٠﴾

20. നാം അദ്ദേഹത്തിന്റെ അധികാരം ഭദ്രമാക്കിക്കൊടുത്തു. പ്രവാചകത്വവും ഭാഷണ ചാരുതയുമരുളി.

**18–20**

إِنَّا سَخَّرْنَا ٱلْجِبَالَ مَعَهُۥ = അദ്ദേഹത്തോടൊപ്പം പർവതങ്ങളെ നാം വിധേയമാക്കിയിട്ടുണ്ടായിരുന്നു

يُسَبِّحْنَ = അവ സങ്കീർത്തനം ചെയ്യു(യ്യാൻ)ന്നു بِٱلْعَشِيِّ وَٱلْإِشْرَاقِ = പ്രദോഷത്തിലും പ്രഭാതത്തിലും

وَٱلطَّيْرَ مَحْشُورَةً ۖ = ഒരുമിച്ചു കൂട്ടപ്പെട്ട പക്ഷികളെയും (പറവക്കൂട്ടങ്ങളെയും)

كُلٌّ لَّهُۥٓ أَوَّابٌ = ഓരോന്നും അവന്ന് അധികമധികം മടങ്ങുന്നവർ (ഒക്കെയും അവനിലേക്ക് ആവർത്തിച്ചു വന്നുകൊണ്ടിരുന്നു)

وَشَدَدْنَا = നാം ശക്തിപ്പെടുത്തി, ഭദ്രമാക്കിക്കൊടുത്തു مُلْكَهُۥ = അദ്ദേഹത്തിന്റെ അധികാരം, രാജ്യം

وَءَاتَيْنَٰهُ = നാം അദ്ദേഹത്തിനരുളി ٱلْحِكْمَةَ = ജ്ഞാനം, പ്രവാചകത്വം

وَفَصْلَ ٱلْخِطَابِ = നിർണായക സംസാര (ഭാഷണ ചാരുതയും)വും

പ്രഭാതത്തിലും പ്രദോഷത്തിലും ദാവൂദ് (അ) മലഞ്ചെരിവിലിരുന്ന് ഭക്തിനിർഭരവും കർണമധുരവും ഹൃദയാവർജകവുമായ സങ്കീർത്തനങ്ങളാലപിക്കുമായിരുന്നു. അപ്പോൾ മലക്കുകളും പറവക്കൂട്ടങ്ങളും ആ സങ്കീർത്തനത്തോട് താദാത്മ്യം പ്രാപിക്കുമായിരുന്നു. എല്ലാം അവയുടെ ഭാഷയിലും രീതിയിലും അല്ലാഹുവിനെ പ്രകീർത്തിച്ചുകൊണ്ടിരിക്കുമായിരുന്നു. ഈ പ്രതിഭാസം 21:79 - ലും 34:10 - ലും പരാമർശിക്കപ്പെട്ടിരിക്കുന്നു. വിശദീകരണം പ്രസ്തുത സൂക്തങ്ങൾക്കു താഴെ കാണുക. സാമ്പത്തിക വികസനം കൊണ്ടും സൈനിക ശേഷി കൊണ്ടും അല്ലാഹു അദ്ദേഹത്തിന്റെ രാജ്യത്തെയും ഭരണത്തെയും ഭദ്രമാക്കി. ഇസ്രാഈല്യരുടെ ശത്രുരാജ്യങ്ങളെ ഒന്നൊന്നായി ദാവൂദ് നബിയുടെ സൈന്യം ജയിച്ചടക്കുകയും അവരുടെ രാജ്യം ഇസ്രാഈലിനോട് ചേർക്കുകയും ചെയ്തു. ٱلْحِكْمَةَ നൽകി എന്നതിന്റെ താൽപര്യം പ്രവാചകത്വം നൽകി എന്നാണ്. രാജത്വത്തോടൊപ്പം പ്രവാചകത്വവും കൂടി ലഭിച്ചവരായി ഖുർആൻ ചൂണ്ടിക്കാട്ടുന്ന രണ്ടു പേരിൽ ആദ്യത്തെയാളാണ് ദാവൂദ് (അ). അന്തർജ്ഞാനവും അതു പ്രകാരമുള്ള കർമവുമാണ് പൊതുവായ അർഥത്തിൽ حكمة. ആത്മീയജ്ഞാനങ്ങൾ നിറഞ്ഞതാണ് ദാവൂദ് നബിക്ക് ലഭിച്ച 'സബൂർ' (സങ്കീർത്തനങ്ങൾ) എന്ന വേദപുസ്തകം. മൗലികമായി فصل വേർതിരിവാണ്. നീതിയെയും അനീതിയെയും വേർതിരിക്കൽ എന്ന ആശയത്തെ ആസ്പദമാക്കി തീരുമാനമെടുക്കുന്നതിനും വിധിക്കുന്നതിനും فصل എന്നു പറയും. فاصل വിധികർത്താവ്. ശ്രോതാവിനെ സ്വാധീനിക്കുന്നതും സുതാര്യവും നിർണായകവുമായ ഭാഷണ ചതുരതയാണ് فَصْلَ ٱلْخِطَابِ സംഭാഷണത്തിനും സംബോധനത്തിനും പ്രഭാഷണത്തിനും خطاب എന്നു പറയും. ഒരേ മൂലത്തിൽനിന്നുത്ഭവിച്ച പദങ്ങളാണ് ഖുതുബ خطبة-യും خطاب-ഉം. ●

وَهَلْ أَتَىٰكَ نَبَؤُا۟ ٱلْخَصْمِ إِذْ تَسَوَّرُوا۟ ٱلْمِحْرَابَ ﴿٢١﴾

21. പ്രവാചകൻ ആ കക്ഷികളുടെ സംഭവമറിഞ്ഞിട്ടുണ്ടോ, അവർ മതിൽ ചാടി ആരാധനാ നിലയത്തിൽ കടന്നത്?

إِذْ دَخَلُوا۟ عَلَىٰ دَاوُۥدَ فَفَزِعَ مِنْهُمْ ۖ قَالُوا۟ لَا تَخَفْ ۖ خَصْمَانِ بَغَىٰ بَعْضُنَا عَلَىٰ بَعْضٍ فَٱحْكُم بَيْنَنَا بِٱلْحَقِّ وَلَا تُشْطِطْ وَٱهْدِنَآ إِلَىٰ سَوَآءِ ٱلصِّرَٰطِ ﴿٢٢﴾

22. ആഗതർ ദാവൂദിനു നേരെ കടന്നുചെന്നപ്പോൾ അദ്ദേഹം പേടിച്ചു പോയി. അവർ പറഞ്ഞു: അങ്ങ് ഭയപ്പെടേണ്ട. രണ്ടു കക്ഷികളാണ്. ഒരു കക്ഷി മറുകക്ഷിയോട് അതിക്രമം ചെയ്തിരിക്കുന്നു. ഞങ്ങൾക്കിടയിൽ നീതി വിധിക്കേണം. അനീതി വിധിക്കരുതേ. ഞങ്ങളെ നേരായ വഴിയിലേക്കു നയിച്ചാലും.

إِنَّ هَٰذَآ أَخِى لَهُۥ تِسْعٌ وَتِسْعُونَ نَعْجَةً وَلِىَ نَعْجَةٌ وَٰحِدَةٌ فَقَالَ أَكْفِلْنِيهَا وَعَزَّنِى فِى ٱلْخِطَابِ ﴿٢٣﴾

23. ഇദ്ദേഹം എന്റെ സഹോദരൻ. ഇദ്ദേഹത്തിന് തൊണ്ണൂറ്റി ഒമ്പതാടുണ്ട്. എനിക്ക് ഒരൊറ്റയാടും. ഇദ്ദേഹം പറയുന്നു, അതിനെ ഇദ്ദേഹത്തിനു കൊടുക്കണമെന്ന്. സംസാരത്തിൽ ഇദ്ദേഹം എന്നെ തോൽപിച്ചുകളഞ്ഞു.

**21-23**

وَهَلْ أَتَىٰكَ = നിനക്കു വന്നിട്ടുണ്ടോ (പ്രവാചകൻ അറിഞ്ഞിട്ടുണ്ടോ)

نَبَؤُا۟ ٱلْخَصْمِ = ആ കക്ഷികളുടെ വാർത്ത (സംഭവം) إِذْ تَسَوَّرُوا۟ = (ആഗതർ) അവർ മതിൽ ചാടിയ(കടന്ന)ത്

ٱلْمِحْرَابَ = ആരാധനാ നിലയത്തിൽ إِذْ دَخَلُوا۟ = അവർ പ്രവേശിച്ച(ചെന്ന)പ്പോൾ

عَلَىٰ دَاوُۥدَ = ദാവൂദിന്മേൽ (ദാവൂദിനുനേരെ) فَفَزِعَ مِنْهُمْ ۖ = അപ്പോൾ അദ്ദേഹം അവരാൽ പേടിച്ചുപോയി

قَالُوا۟ = അവർ പറഞ്ഞു لَا تَخَفْ = അങ്ങു പേടിക്കേണ്ട خَصْمَانِ = രണ്ടു കക്ഷികളാണ്

بَغَىٰ بَعْضُنَا عَلَىٰ بَعْضٍ = അവരിൽ ചിലർ ചിലരോട് (ഒരു കക്ഷി മറുകക്ഷിയോട്) അതിക്രമം ചെയ്തിരിക്കുന്നു

فَٱحْكُم بَيْنَنَا بِٱلْحَقِّ = അങ്ങ് ഞങ്ങൾക്കിടയിൽ നീതി, സത്യം വിധിക്കേണം

وَلَا تُشْطِطْ = അങ്ങ് തെറ്റി(അനീതി വിധി)ക്കരുതേ وَٱهْدِنَآ = അങ്ങ് ഞങ്ങളെ നയിച്ചാലും

إِلَىٰ سَوَآءِ ٱلصِّرَٰطِ = ശരിയായ, നേരായ വഴിയിലേക്ക് إِنَّ هَٰذَآ أَخِى = ഇത് (ഇദ്ദേഹം) എന്റെ സഹോദരൻ

لَهُۥ = ഇദ്ദേഹത്തിനുണ്ട് تِسْعٌ وَتِسْعُونَ نَعْجَةً = തൊണ്ണൂറ്റി ഒമ്പത് ആടുകൾ

وَلِىَ نَعْجَةٌ وَٰحِدَةٌ = എനിക്ക് ഒരൊറ്റയാടും ഉണ്ട് فَقَالَ = ഈ അവസ്ഥയിൽ അദ്ദേഹം പറഞ്ഞു(പറയുന്നു)

أَكْفِلْنِيهَا = അതിനെ നീ എനിക്ക് ഏൽപിക്കുക (ഇദ്ദേഹത്തിന് കൊടുക്കണമെന്ന്)

وَعَزَّنِى = ഇദ്ദേഹം എന്നെ അതിജയിച്ചു (തോൽപിച്ചു കളഞ്ഞു) فِى ٱلْخِطَابِ = സംസാരത്തിൽ

ഗുരുതരമായ സംഭവവും വാർത്തയുമാണ് نَبأ. പ്രവചനത്തിനും പറയും. തർക്കത്തിലെ കക്ഷിയാണ് خصم. ഇത് ഏകവചനമായും ബഹുവചനമായും ഉപയോഗിക്കുന്നു. خصمان ദ്വിവചനം تثنية ആണ്. തർക്കത്തിലെ രണ്ടു കക്ഷികളെയും അവരുടെ കൂടെയുള്ളവരെയും ഉദ്ദേശിച്ചിട്ടുണ്ടെങ്കിൽ ഇവിടെ خصم ബഹുവചനമാണ്. ഇവരെ 'അവർ' മതിൽ ചാടിക്കടന്നുവന്ന تَسَوَّرُواْ എന്ന ബഹുവചനത്തിലും പറയുന്നുണ്ടല്ലോ. പക്ഷേ കക്ഷികളോടൊപ്പം മറ്റാളുകളുണ്ടായിരുന്നതിന്റെ സൂചനയൊന്നും സൂക്തത്തിലില്ല. ഏകവചനം ബഹുവചനമായി ഉപയോഗിക്കുന്നതുപോലെ ദ്വിവചന - مثنى - വും (خصمان) ബഹുവചന രൂപത്തിൽ ഉപയോഗിക്കാറുണ്ട്. സ്വരക്ഷാഭിത്തിയാണ് سور. നഗരഭിത്തിക്ക് سُورُ الْمَدِينَة എന്നു പറയും. سور-ൽനിന്നുത്ഭവിച്ച ക്രിയയാണ് تسوّر- മതിലിനു മീതെയായി ചാടിക്കടന്നു എന്ന അർഥം.

محراب 3:37,39, 19:11 സൂക്തങ്ങളിൽ വന്നിട്ടുള്ളതും വിശദീകരിക്കപ്പെട്ടിട്ടുള്ളതുമാണ്. ഇവിടെ ഉദ്ദേശ്യം ദാവൂദ് നബിയുടെ സ്വകാര്യ പ്രാർഥനാനിലയമാകുന്നു. شَطَطْ (തെറ്റ്, അബദ്ധം, കുറ്റം)-ൽനിന്നുള്ള സകർമക ക്രിയയായ أشطّയുടെ വർത്തമാന രൂപമാണ് تشطط. വിധി പറയുന്നതിൽ അബദ്ധം പറ്റുകയോ പക്ഷപാതിത്വം കാണിക്കുകയോ ചെയ്യരുത് എന്നാണാശയം. ഇവിടം മുതൽ 26 വരെയുള്ള സൂക്തങ്ങൾ അവതരിപ്പിക്കുന്ന മഹാ വാർത്തയുടെ മുഖവുരയാണ് 17-20 സൂക്തങ്ങൾ. തുടർന്ന് സംഭവം വിവരിക്കുകയാണ്: ദാവൂദ് നബിയുമായി ബന്ധപ്പെട്ട ഒരു മഹാ സംഭവം പ്രവാചകൻ കേട്ടിട്ടുണ്ടാവാം, ഉണ്ടോ? സംഭവമിതാണ്: ഒരു നാൾ ഒരു തർക്കത്തിലെ രണ്ടു കക്ഷികൾ അദ്ദേഹത്തെ സമീപിച്ചു. അദ്ദേഹം ആരാധനാ നിലയത്തിലായിരിക്കെ തികച്ചും അസാധാരണമായ രീതിയിൽ നിലയത്തിന്റെ മതിൽ ചാടിക്കടന്ന് ആകസ്മികമായിട്ടാണ് അവർ പ്രത്യക്ഷപ്പെട്ടത്. ദാവൂദ് (അ) പേടിച്ചുപോയി. അതുകണ്ട് അവർ പറഞ്ഞു: 'അങ്ങ് പേടിക്കേണ്ട. ഞങ്ങൾ ഒരു കേസിലെ രണ്ടു കക്ഷികളാണ്. ഇത് എന്റെ സഹോദരൻ. ഇദ്ദേഹത്തിന് 99 ആടുകളുണ്ട്. എനിക്ക് ഒരേയൊരാട്. അതിനെ കൂടി അദ്ദേഹത്തിനു കൊടുക്കണമെന്നാവശ്യപ്പെടുകയാണ്. വാദത്തിൽ അയാൾ എന്നെ മുട്ടിച്ചുകളഞ്ഞു. ഞങ്ങൾക്കിടയിൽ നീതി വിധിക്കണം. അങ്ങയുടെ വിധിയിൽ അന്യായമോ പക്ഷപാതിത്വമോ സംഭവിക്കരുത്. ഞങ്ങൾക്ക് സത്യത്തിന്റെയും നീതിയുടെയും നേർവഴി കാണിച്ചു തരേണം.'

ഈ വന്ന കക്ഷികളെയും വരവിന്റെ ലക്ഷ്യത്തെയും മുഫസ്സിറുകൾ വിവിധ രീതിയിലാണ് വ്യാഖ്യാനിച്ചിട്ടുള്ളത്. കൂടുതൽ പ്രബലമായ വ്യാഖ്യാനം ഇതാണ്: ആഗതർ മലക്കുകളായിരുന്നു. മലക്കുകൾക്ക് അവരുദ്ദേശിച്ചിടത്തെത്താൻ വാതിലുകളോ ദ്വാരപാലകരോ ഭിത്തികളോ മേൽപുരകളോ ഒന്നും തടസ്സമല്ലല്ലോ. ഉദ്ദേശിക്കുന്ന ഏതു രൂപം സ്വീകരിക്കാനും കഴിയും. അസമയത്ത് രണ്ടു പേർ മതിൽ ചാടിക്കടന്ന് തന്റെ സ്വകാര്യ മുറിയിൽ എത്തിയപ്പോൾ, അവർ തന്നെ അപായപ്പെടുത്താനെത്തിയവരാണെന്ന് ദാവൂദ് (അ) ഭയപ്പെട്ടു. ഭയപ്പെടേണ്ട, ഞങ്ങൾ കുഴപ്പക്കാരല്ല, ഒരു തർക്കത്തിന് തീരുമാനം തേടിയെത്തിയവരാണെന്ന് അദ്ദേഹത്തെ ആശ്വസിപ്പിച്ചുകൊണ്ട് അവർ തർക്കം അവതരിപ്പിച്ചു. ദാവൂദ് നബിക്ക് സംഭവിച്ച ഗുരുതരമായ ഒരു വീഴ്ചയെക്കുറിച്ച് അദ്ദേഹത്തെ ബോധവാനാക്കാൻ ഉദ്ദേശിച്ചു മെനഞ്ഞ ഒരു സങ്കൽപ കഥയായിരുന്നു ആ കേസ്. അതിൽ പ്രതിഭാഗത്തിനു നേരെ ആരോപിക്കപ്പെട്ട കുറ്റത്തിന് സദൃശമായ ഒരു തെറ്റായിരുന്നു അദ്ദേഹത്തിനും സംഭവിച്ചിട്ടുണ്ടായിരുന്നത്. ഒരാൾ മറ്റൊരാളെ സഹോദരൻ എന്നു വിളിക്കാൻ അയാൾ നേർ സഹോദരനായിരിക്കണമെന്നില്ല. ഒരേ കുടുംബക്കാരും നാട്ടുകാരും മതക്കാരുമൊക്കെ പരസ്പരം സഹോദരൻ എന്നു വിളിക്കുക സാധാരണമാണ്. ഒരു മലക്ക് മറ്റേ മലക്കിനെ സഹോദരൻ എന്നു പറയുന്നത് അതു തന്റെ സഹപ്രവർത്തകനായ മലക്കാണ് എന്ന അർഥത്തിലാണ്. എതിർ കക്ഷിയെ സഹോദരൻ എന്നു വിളിക്കുന്നത് അയാൾക്കെതിരെ പരാതിയുണ്ടെങ്കിലും താൻ അയാളെ സഹോദരതുല്യം സ്നേഹിക്കുകയും ആദരിക്കുകയും ചെയ്യുന്നതായി സൂചിപ്പിക്കുന്നു. ഉന്നതമായ പ്രതിപക്ഷ മര്യാദയാണത്. സത്യം വിധിക്കണമെന്നും അബദ്ധം ചെയ്യരുതെന്നും എടുത്തു പറയുന്നത് നീതിയും ധർമവും നന്നായി ആലോചിച്ചു കണ്ടെത്തണമെന്നും വ്യക്തിപരമായ അഭിപ്രായങ്ങളും അഭിനിവേശങ്ങളും സ്വാധീനിക്കരുതെന്നും അത്തരം സ്വാധീനങ്ങൾ വിധിതീർപ്പിനെ അബദ്ധവും പക്ഷപാതപരവുമാക്കുമെന്നും ഓർമിപ്പിക്കാനാണ്. ഒടുവിൽ വിധി തേടി വരുന്നവരെ വക്രതകളിൽനിന്ന് മോചിപ്പിച്ച് നേർവഴിക്കു നയിക്കുക വിധികർത്താവിന്റെ ഉത്തരവാദിത്തമാണെന്നും സൂചിപ്പിക്കുന്നു. ദാവൂദ് നബിയുടെ വീഴ്ചയുമായും കേസവതരണത്തിന്റെ ലക്ഷ്യവുമായും ഏറെ ബന്ധപ്പെട്ടതാണീ ഓർമപ്പെടുത്തലുകൾ.

മറ്റൊരു വിശദീകരണം ഇങ്ങനെ: കക്ഷികൾ രാജ്യത്തെ രണ്ടു പൗരന്മാരായിരുന്നു. തർക്കം യഥാർഥവുമായിരുന്നു. അവർ പരാതിയുമായി എത്തിയത് ദാവൂദ് (അ) കേസ് കേൾക്കുന്ന സമയത്തായിരുന്നില്ല. അദ്ദേഹം പ്രാർഥനയിലേർപ്പെട്ട സമയത്തായിരുന്നു. അതുകൊണ്ട് ദ്വാരപാലകർ അവരെ അകത്തേക്കു വിട്ടില്ല. അപ്പോൾ ആഗതർ ദ്വാരപാലകരുടെ കണ്ണുവെട്ടിച്ച് മറ്റൊരു വഴിക്കു വന്ന് മതിൽ ചാടിക്കടക്കുകയായിരുന്നു. ആഗതർ ഘാതകരാണെന്ന് തെറ്റിദ്ധരിച്ച് അദ്ദേഹം ഭയപ്പെട്ടു. ഇനിയും ചിലർ പറയുന്നത് ആഗതർ അപകടകാരികൾ തന്നെയായിരുന്നുവെന്നാണ്. ദാവൂദ് നബിയെ അപായപ്പെടുത്താൻ അവർ ദ്വാരപാലകർ കാണാതെ മതിൽ ചാടിവരികയായിരുന്നു. ദാവൂദ് (അ) തിരിച്ചറിഞ്ഞുവെന്ന് മനസ്സിലാക്കിയപ്പോൾ ഒരു പരാതി കെട്ടിച്ചമച്ച് സമർപ്പിച്ച് തടിയൂരുകയായിരുന്നു. ഈ രണ്ടു വിശദീകരണങ്ങളും ബാലിശമാണ്. സെക്യൂരിറ്റി തടഞ്ഞപ്പോൾ കക്ഷികൾ മറ്റൊരു വഴിക്കു പോയി കോടതിയുടെ മതിൽ ചാടിക്കടന്ന് ജഡ്ജിയുടെ മുമ്പിലെത്തി എന്നു പറയുന്നതുപോലെ വിചിത്രമാണ് ഒന്നാമത്തേത്. കേസ് ഉടനടി വിധി ആവശ്യമായ അടിയന്തര പ്രാധാന്യമുള്ളതാണെങ്കിൽ അങ്ങനെയും സംഭവിച്ചുവെന്ന് സങ്കൽപിക്കാം. പക്ഷേ, നൂറാടുള്ള ഒരാൾ ഒരാട് മാത്രമുള്ള തന്റെ സഹോദരനോട് ആ ആടിനെയും തനിക്ക് തരേണമെന്നാവശ്യപ്പെട്ടു എന്നതു മാത്രമാണാ കേസ്. അയാളതിനെ ബലാൽക്കാരം പിടിച്ചെടുത്തുവെന്നു പോലും പരാതിയിൽ പറയുന്നില്ല. ഇത്തരമൊരു കേസുമായി സുബോധമുള്ള ആരെങ്കിലും ആ സമയത്ത് രാജാവിന്റെ സ്വകാര്യ അറയിൽ അതിക്രമിച്ചു കടക്കുമോ?

ഇനി ആഗതർ കൊലയാളികൾ തന്നെയായിരുന്നുവെങ്കിൽ അദ്ദേഹം തിരിച്ചറിഞ്ഞാലും ഇല്ലെങ്കിലും ഉടനെ ലക്ഷ്യം നിറവേറ്റി വന്ന വഴിക്ക് രക്ഷപ്പെടുകയല്ലേ ചെയ്യുക.

കൊല്ലാൻ കഴിയില്ലെന്നു കണ്ടാലും അവരതേ ചെയ്യൂ. അല്ലാതെ കള്ളക്കേസ് പറഞ്ഞ് അവിടെ തങ്ങി തങ്ങളെ അപകടത്തിലാക്കാൻ മുതിരുമോ?

ഈ സൂക്തത്തിന്റെ പശ്ചാത്തലത്തിൽ ഫുഖഹാക്കൾ കോടതിയലക്ഷ്യം ചർച്ച ചെയ്തിട്ടുണ്ട്. ഖാദിയെ ആക്ഷേപിക്കുന്നതും വിധിയെ ധിക്കരിക്കുന്നതും കുറ്റകരമാകുന്നു. എന്നാൽ കേസ് സമർപ്പിക്കുമ്പോൾ നീതി വിധിക്കണം, അബദ്ധം വിധിക്കരുത്, ഞങ്ങൾ -കക്ഷികൾ-ക്ക് നേർവഴി കാണിക്കണം. فَٱحْكُم بَيْنَنَا بِٱلْحَقِّ وَلَا تُشْطِطْ وَٱهْدِنَآ إِلَىٰ سَوَآءِ ٱلصِّرَٰطِ എന്നൊക്കെ കോടതിയോട് ഉണർത്തുന്നത് കുറ്റകരമായ കോടതിയലക്ഷ്യമാകുമോ? ഇല്ല എന്നാണ് ഈ സൂക്തങ്ങൾ സൂചിപ്പിക്കുന്നത്. എന്റെ കാര്യത്തിൽ അല്ലാഹുവിനെ സൂക്ഷിക്കണേ (اتق الله في امرى) എന്ന് ഖാദിയോട് അപേക്ഷിക്കുന്നത് കോടതിയലക്ഷ്യമോ ശിക്ഷാർഹമോ അല്ല. അത്തരം വാക്കുകളേക്കാൾ ഗൗരവമുള്ളതാണ് അസമയത്ത് ഖാദിയുടെ മുറിയിൽ അതിക്രമിച്ചു കടക്കുന്നത്. അതേക്കുറിച്ച് പക്ഷേ ഫുഖഹാക്കൾ ചർച്ച ചെയ്തു കാണുന്നില്ല. നീതിന്യായ സംവിധാനത്തിന്റെ സുഗമമായ പ്രർത്തനത്തിന് ഭംഗമുണ്ടാക്കുന്ന അത്തരം നടപടികൾ കുറ്റകരമായി തന്നെ കാണേണ്ടതാണ്. مِحْرَاب മസ്ജിദ് തന്നെയാണ്. അതിനാൽ ഈ സൂക്തങ്ങളെ ആസ്പദമാക്കി, പള്ളിയിൽ കോടതി ചേരുന്നതും കേസുകൾ വിചാരണ ചെയ്യുന്നതും അനുവദനീയമാണെന്നും ഫുഖഹാക്കൾ വിധിച്ചിരിക്കുന്നു. ഈ വിധിയെ പിന്തുണക്കുന്ന മറ്റു തെളിവുകൾ ഖുർആനിൽ ഇല്ലെങ്കിലും പ്രവാചക ചര്യയിൽ ഉണ്ട്. സദുദ്ദേശ്യ കഥകൾ രചിക്കുന്നതിനും അവതരിപ്പിക്കുന്നതിനും ഈ സംഭവത്തിൽ തെളിവുള്ളതായി ചില പണ്ഡിതന്മാർ നിരീക്ഷിച്ചിരിക്കുന്നു. സാങ്കൽപിക കഥകളുള്ള പ്രസിദ്ധമായ 'അൽ മഖാമാത്ത്' രചിച്ച ഹരീരിയെ കള്ളം കെട്ടിച്ചമക്കുന്നവൻ എന്നാക്ഷേപിച്ചവരെ അവർ എതിർക്കുന്നു. തന്റെ മുഖവുരയിൽ ഹരീരിയും ഇക്കാര്യം സൂചിപ്പിക്കുന്നുണ്ട്. കഥകൾക്കു മാത്രമല്ല, സദുദ്ദേശ്യപരമായ നാടകാഭിനയവും അനുവദനീയമാണെന്നതിന് ഇതിൽ തെളിവുള്ളതായി അഭിപ്രായമുണ്ട്. നാടകത്തിലും അവതരണ രീതിയിലും സുസ്ഥിരമായ ശരീഅത്ത് നിയമങ്ങൾ ലംഘിക്കപ്പെടരുതെന്ന് ഉപാധിയുണ്ട്. പൂർവ ശരീഅത്തുകളിൽ നടന്നുവന്നിരുന്നതായി ഖുർആനും സുന്നത്തും ഉദ്ധരിച്ചിട്ടുള്ള നടപടികളിൽ മുഹമ്മദീയ ശരീഅത്ത് ദുർബലപ്പെടുത്തിയിട്ടില്ലാത്ത കാര്യങ്ങൾ മുസ്ലിംകൾക്ക് അനുവദനീയമാകുന്നു എന്നാണ് ഈ വീക്ഷണത്തിന് നിദാനമായി ഉന്നയിക്കപ്പെടുന്ന സിദ്ധാന്തം. ●